**പീച്ചി ടൂറിസ്റ്റ് കേന്ദ്രത്തിലെ വികസന പ്രവർത്തനങ്ങൾ**

109(317) ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒല്ലൂർ നിയോജക മണ്ഡലത്തിലെ പീച്ചി ടൂറിസ്റ്റ് കേന്ദ്രത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കിയതെന്നും ഇവയ്ക്ക് ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒല്ലൂർ നിയോജക മണ്ഡലത്തിലെ പീച്ചി ടൂറിസ്റ്റ് കേന്ദ്രത്തിൽ താഴെപ്പറയുന്ന പ്രധാന വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

1. നടപ്പാത നിർമ്മാണം
2. റെയിൻ ഷെൽറ്റർ
3. ടോയ്‌ലെറ്റ്
4. കുടിവെള്ള വിതരണം സംവിധാനം
5. പ്രതിമ നിർമ്മാണം
6. പവലിയൻ നിർമ്മാണം സീറ്റിംഗ്
7. മിനി ആംഫി തിയേറ്റർ
8. പെയിന്റിംഗ് മുതലായ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

ഇതിനായി 1,19,01,036.00 (ഒരു കോടി പത്തൊൻപത് ലക്ഷത്തി ആയിരത്തി മുപ്പത്തിയാറ്) രൂപ ചെലവഴിച്ചിട്ടുണ്ട്.

**വാഴാനി ടൂറിസ്റ്റ് ഡെസ്റ്റിനേഷനിൽ സിഡ്കോ മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾ**

110(318) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വാഴാനി ടൂറിസ്റ്റ് ഡെസ്റ്റിനേഷനിൽ സിഡ്കോ മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികളിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത് ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടായെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly